അധ്യായം 90

# അൽ ബലദ്

അവതരണം മക്കയിൽ. വചനങ്ങൾ 20

## അധ്യായ പരിചയം:

മക്കയിൽ അവതരിച്ച അധ്യായമാണിത്. ഏകദൈവ വശ്വാസം ഊട്ടിയറപ്പിക്കുകയും പരലോകവിചാരണ ഉണ്ടാക്കുകയുമാണ് ഈ അധ്യായതിന്റെ പ്രാധാന ലക്ഷ്യം.

പരലോകത്തെ വിചാരണയിൽ രക്ഷ നേടുന്നതിനു വേണ്ടി മനുഷ്യൻ ജീവിക്കേണ്ടത് ഏത് മാർഗ്ഗേണയാണെന്ന് ഇത് വ്യക്തമാക്കുന്. അതിനു വേണ്ടി നന്മയും തിന്മയും വേർതിരിച്ചു കാണിക്കുന്നു.

വിശുദ്ധ മക്കയെ സത്യം ചെയ്തുകൊണ്ടാണ് അല്ലാഹു വിഷയത്തിലേക്ക് പ്രവേശിക്കുന്നത്. മക്കയാകട്ടെ, അന്ന് പ്രവാചകന്റെ ഗേഹവുമാകുന്നു. അദ്ദേഹത്തിന്റെ സാന്നിദ്ധ്യം കൊണ്ട് മക്ക ഏറെ പ്രസിദ്ധവുമാകുന്നു. ഈ വിശുദ്ധിയെയാകുന്നു അല്ലാഹു സത്യം ചെയ്യാൻ സ്വീകരിച്ചത്.

അതോടൊപ്പം മക്കയിലെ നിഷേധികളായ പ്രധാനികളെ സംബന്ധിച്ചും പ്രതിപാദിച്ചിരിക്കുന്നു. അവർ, പ്രവാചകനെ കളവാക്കുകയും സത്യത്തിനെതിരെ തങ്ങളുടെ മുഴുവൻ ശക്തിയും വിനിയോഗിക്കുകയും അതിനു വേണ്ടി ധനം ചെലവഴിച്ചവരുമാകുന്നു.

തങ്ങൾ ധനം ചെലവഴിച്ചത് നല്ല കാര്യത്തിനു വേണ്ടിയെന്നാണ് അവരുടെ ധാരണ. അതിനാൽ തന്നെ തങ്ങളെ നരകവും ദൈവിക കോപവും ഏൽക്കുകയില്ലെന്ന് അവർ മിഥ്യാധാരണ വെച്ചുപുലർത്തുകയും ചെയ്തു. അബദ്ധപൂർണമായ ഈ ധാരണയെ അല്ലാഹു ഈ അധ്യായത്തിലൂടെ തകർക്കുന്നു.

അന്ത്യനാളിനെ സംബന്ധിച്ച വിശകലനവും കാണാം. ഏകദൈവ വിശ്വാസവും സദ്കർമവുമല്ലാത്തതൊന്നും രക്ഷപ്പെടുത്താത്ത പരലോകത്തെ വിചാരണയെ സംബന്ധിച്ചും പരാമർശിക്കുന്നു.

ഇഹലോകത്തെ ജീവിതം നഷ്ടത്തിലാക്കിയ നിഷേധികളായ ഒരു വിഭാഗത്തെയും മറുഭാഗത്ത് ഏകദൈവ വിശ്വാസികളായ വിജയികളെയും അവരുടെ അവസ്ഥകളെയും അധ്യായം പരാമർശിക്കുന്നു.

## വാക്കർഥം:

ബിസ്മില്ലാഹിർറഹ്മാനിർറഹീം

| | | |
|---|---|---|
| لَآ أُقْسِمُ | ലാ ഉഖ്സിമു | ഞാൻ സത്യം ചെയ്യുന്നു |
| بِهَٰذَا ٱلْبَلَدِ ١ | ബിഹാദൽ ബലദ് | ഈ നാടിനെക്കൊണ്ട് |
| وَأَنتَ | വഅൻത | നീയാകട്ടെ |
| حِلٌّ | ഹില്ലുൻ | താമസക്കാരനാകുന്നു |
| بِهَٰذَا ٱلْبَلَدِ ٢ | ബിഹാദൽ ബലദ് | ഈ നാട്ടിൽ |
| وَوَالِدٍ | വവാലിദിൻ | ജനയിതാവിനെക്കൊണ്ട് സത്യം |

| | | |
|---|---|---|
| وَمَا وَلَدَ ﴿٣﴾ | വമാ വലദ് | അവൻജനിപ്പിക്കുന്നതിനെക്കൊണ്ടും |
| لَقَدْ | ലഖദ് | തീർച്ചയായും |
| خَلَقْنَا | ഖലഖ്നാ | നാം സൃഷ്ടിച്ചിരിക്കുന്നു |
| ٱلْإِنسَانَ | അൽ ഇൻസാന | മനുഷ്യനെ |
| فِى كَبَدٍ ﴿٤﴾ | ഫീ കബദ് | ക്ലേശംസഹിക്കേണ്ടവനായിട്ടാകുന്നു. |
| أَيَحْسَبُ | അയഹ്സബു | അവൻ വിചാരിക്കുന്നുണ്ടോ |
| أَن لَّن يَقْدِرَ | അൻലൻ യഖ്ദിറ | സാധിക്കുകയില്ലെന്ന് |
| عَلَيْهِ | അലൈഹി | അവനെ പിടികൂടുവാൻ |
| أَحَدٌ ﴿٥﴾ | അഹദ് | ആർക്കും |
| يَقُولُ | യഖൂലു | അവൻ പറയുന്നു |
| أَهْلَكْتُ | അഹ്ലക്തു | ഞാൻ നശിപ്പിച്ചിരിക്കുന്നു |
| مَالًا لُّبَدًا ﴿٦﴾ | മാലല്ലുബദാ | കണക്കറ്റ ധനം |
| أَيَحْسَبُ | അയഹ്സബു | അവൻ വിചാരിക്കുന്നുണ്ടോ |
| أَن لَّمْ يَرَهُۥٓ | അല്ലം യറഹു | അവനെ കാണുന്നില്ലെന്ന് |
| أَحَدٌ ﴿٧﴾ | അഹദ് | ആരും |
| أَلَمْ نَجْعَل لَّهُۥ | അലം നജ്അല്ലഹു | നാമവന് ഉണ്ടാക്കിക്കൊടുത്തില്ലയോ |
| عَيْنَيْنِ ﴿٨﴾ | ഐനൈൻ | രണ്ട് കണ്ണുകളും |
| وَلِسَانًا | വലിസാനൻ | ഒരു നാവും |

| | | |
|---|---|---|
| وَشَفَتَيۡنِ ﴿٩﴾ | വശഫതൈൻ | രണ്ട് ചുണ്ടുകളും |
| وَهَدَيۡنَٰهُ | വഹദൈനാഹു | നാമവന് കാട്ടികൊടുക്കുകയും ചെയ്തു. |
| ٱلنَّجۡدَيۡنِ ﴿١٠﴾ | അന്നജ്ദൈൻ | വ്യക്തമായ രണ്ട് മാർഗങ്ങൾ |
| فَلَا ٱقۡتَحَمَ | ഫലഖ്ത്തഹമ | എന്നിട്ട് അവൻ താണ്ടിക്കടന്നില്ല |
| ٱلۡعَقَبَةَ ﴿١١﴾ | അൽ അഖബ | ആ മലമ്പാത |
| وَمَآ أَدۡرَىٰكَ | വമാ അത്റാക | നിനക്കെന്തറിയാം |
| مَا ٱلۡعَقَبَةُ ﴿١٢﴾ | മൽ അഖബ | ആ മലമ്പാത |
| فَكُّ | ഫക്കു | മോചിപ്പിക്കുകയാണത് |
| رَقَبَةٍ ﴿١٣﴾ | റഖബ | അടിമയെ |
| أَوۡ | ഔ | അല്ലെങ്കിൽ |
| إِطۡعَٰمٞ | ഇത്വാമുൻ | ഭക്ഷണം കൊടുക്കലാകുന്നു |
| فِي يَوۡمٖ | ഫീ യൗമിൻ | നാളിൽ |
| ذِي مَسۡغَبَةٖ ﴿١٤﴾ | ദീ മസ്ഗബ | പട്ടിണിയുള്ള |
| يَتِيمٗا | യതീമൻ | അനാഥക്ക് |
| ذَا مَقۡرَبَةٍ ﴿١٥﴾ | ദാ മഖ്റബ | കുടുംബ ബന്ധമുള്ള |
| أَوۡ | ഔ | അല്ലെങ്കിൽ |
| مِسۡكِينٗا | മിസ്കീനൻ | അഗതിക്കോ |
| ذَا مَتۡرَبَةٖ ﴿١٦﴾ | ദാ മത്റബ | കൊടിയ ദാരിദ്ര്യമുള്ള |

| | | |
|---|---|---|
| ثُمَّ | ഥുമ്മ | പുറമെ |
| كَانَ | കാന | ആയിത്തീരുക |
| مِنَ ٱلَّذِينَ ءَامَنُوا۟ | മിനല്ലദീന ആമനൂ | വിശ്വസിച്ചവരിൽ |
| وَتَوَاصَوْا۟ | വതവാസൗ | ഉപദേശിക്കുന്നവരുടെ (കൂട്ടത്തിൽ) |
| بِٱلصَّبْرِ | ബിസ്സ്വബ്‌രി | ക്ഷമകൊണ്ട് |
| وَتَوَاصَوْا۟ | വതവാസൗ | ഉപദേശിക്കുന്നവരുടെ (കൂട്ടത്തിൽ) |
| بِٱلْمَرْحَمَةِ ﴿١٧﴾ | ബിൽ മർഹമ | കാരുണ്യം കൊണ്ടും |
| أُو۟لَـٰٓئِكَ | ഉലാഇക | അവരത്രെ |
| أَصْحَـٰبُ | അസ്ഹാബുൽ | ആളുകൾ |
| ٱلْمَيْمَنَةِ ﴿١٨﴾ | അൽ മയ്മനഹ് | വലതുപക്ഷത്തിന്റെ |
| وَٱلَّذِينَ كَفَرُوا۟ | വല്ലദീന കഫറൂ | തീർച്ചയായും നിഷേധിച്ചവർ |
| بِـَٔايَـٰتِنَا | ബിആയാത്തിനാ | നമ്മുടെ ദൃഷ്ടാന്തങ്ങൾ |
| هُمْ | ഹും | അവരാകുന്നു |
| أَصْحَـٰبُ | അസ്ഹാബുൽ | ആളുകൾ |
| ٱلْمَشْـَٔمَةِ ﴿١٩﴾ | മശ്അമ | ഇടതുപക്ഷത്തിന്റെ |
| عَلَيْهِمْ | അലൈഹിം | അവരുടെ മേലുണ്ട് |
| نَارٌ | നാറുൻ | നരകാഗ്നി |
| مُّؤْصَدَةٌۢ ﴿٢٠﴾ | മുഅ്സ്വദ | അടച്ചുമൂടിയ |

വചനവിശകലനം:

---

**لَا أُقْسِمُ بِهَذَا الْبَلَدِ  ലാ ഉഖ്സിമുബിഹാദൽ ബലദ്**

ഈ നാടിനെക്കൊണ്ട് ഞാൻ സത്യം ചെയ്തുപറയുന്നു.

---

വിശുദ്ധ നാടായ മക്കയാണ് ഈ നാട് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. കഅ്ബയാണ് മക്കയുടെ യശസ്സിന് നിമിത്തം. കഅ്ബയെ അല്ലാഹു ആദരിച്ചിരിക്കുന്നു. പവിത്രമാക്കിയിരിക്കുന്നു. അതിനാൽ കഅ്ബയുടെ നാടായ മക്ക നാടുകളുടെ കൂട്ടത്തിൽ വിശുദ്ധമാണ്.

പാറക്കൂട്ടങ്ങൾ തിങ്ങിനിറഞ്ഞ മലകൾക്കിടയിൽ, പടുത്തുയർത്തപ്പെട്ട കഅ്ബക്കു ചുറ്റുമാണ് അറബിസംസ്കാരം വളർന്നുവന്നത്. പിന്നീട് രാജ്യാന്തരങ്ങളെ കീഴടക്കിയ സംസ്കാരത്തിന് കേന്ദ്രമായി മാറിയ കഅ്ബ ആ നാടിന്റെ യശസ്സ് ഉയർത്തുന്നതിൽ അനൽപമായ സ്വാധീമാണ് ചെലുത്തിയത്.

ഹജ്ജിനായി മക്കയിലേക്ക് അറേബ്യയെയും പരിസരപ്രദേശങ്ങളെയും ഒരുമിച്ചു കൂട്ടിയതിലൂടെ മക്കയുടെ യശസ്സ് വീണ്ടും വർധിക്കുകയായിരുന്നു. അതാകട്ടെ ദ ദാരിദ്ര്യത്തിലും അരക്ഷിതാവസ്ഥയിലും ഗോത്രവൈരത്തിലും ജീവിച്ചിരുന്ന മക്കാവാസികളെ ബഹുമാന്യരും ധനികരും സമാധാനത്തിന്റെ ആളുകളുമാക്കി മാറ്റുകയുണ്ടായി. അതിലൊക്കെ കഅ്ബയുടെ പങ്ക് അനിഷേധ്യമായിരുന്നു.

അറബികളെ സംബന്ധിച്ചിടത്തോളം അത് ഏറെ പ്രസിദ്ധമായ സംഗതിയാണ്. അതിനാലാണ് മക്കയെന്ന ഈ നാടിനെക്കൊണ്ട് അല്ലാഹു സത്യം ചെയ്ത് കാര്യങ്ങൾ പറഞ്ഞത്.

അറബികളുടെ ജീവിതശൈലിയിലേക്ക് കടന്നുചെല്ലുകയും തെറ്റായ അവരുടെ ജീവിതസംസ്കാരങ്ങളെ നിശിതമായി വിമർശിക്കുകയുമാണ് സത്യം ചെയ്തുകൊണ്ട് അല്ലാഹു ചെയ്തു പറയുന്ന സംഗതി.

മക്കയുടെ പവിത്രതക്ക് കാരണമായി പറയുന്ന രണ്ടാമത്തെ സംഗതിയാണ് അടുത്ത വചനത്തിൽ എടുത്തുപറയുന്നത്.

---

**وَأَنتَ حِلٌّ بِهَذَا الْبَلَدِ  വഅൻത ഹില്ലുൻബിഹാദൽ ബലദ്**

നീയാകട്ടെ ഈ നാട്ടിൽ താമസക്കാരനുമാകുന്നു.

---

പല വ്യാഖ്യാതാക്കളും ഈ വചനത്തിന് പല അർഥവും വ്യാഖ്യാനവും നൽകിയിട്ടുണ്ട്. എന്നാൽ മക്കയുടെ യശസ്സിനും പ്രതാപത്തിനും കാരണം ഈ നാട്ടിൽ താങ്കൾ താമസി എന്നതാണ്.

അതെയവസരം മറ്റൊരു വ്യാഖ്യാനം ഇങ്ങനെയും ഉണ്ട്. അതായത്, ഈ പട്ടണം അറബികളുടെ വീക്ഷണപ്രകാരം വിശുദ്ധമാണ്. അവിടെ അക്രമം അനുവദനീയമല്ല. എന്നിട്ടും ദൈവികദൗത്യത്തിന്റെ പ്രചാരണത്തിന്റെ പേരിൽ ഇവിടത്തെ ആളുകൾ താങ്കളെ ആക്രമിക്കുകയും വധിക്കാൻ പോലും മുതിരുകയും ചെയ്യുന്നു. അതിനാൽ താങ്കൾ ഈ നാട്ടിൽ സുരക്ഷിതനല്ല.

---

**وَوَالِدٍ وَمَا وَلَدَ  വവാലിദിൻ വമാ വലത്.**

ജനകനെയും അവൻ ജനിപ്പിച്ചവരെയും കൊണ്ട് സത്യം.

---

ജനകൻ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ആദിപിതാവായ ആദമാണ്. അതായത് ആദിമനുഷ്യനായ ആദമിനെയും അദ്ദേഹത്തിന്റെ സന്തതികളായ മനുഷ്യരെ യുമാണ് ഉദ്ദേശിക്കുന്നത്.

---

لَقَدْ خَلَقْنَا الْإِنسَانَ فِي كَبَدٍ **ലഖദ് ഖലഖ്നൽ ഇൻസാന ഫീ ഖബദ്**

**തീർച്ചയായും നാം മനുഷ്യനെ പ്രയാസത്തിലായിക്കൊണ്ടാണ് സൃഷ്ടിച്ചത്**

---

ആദമിനെയും ആദം സന്തതികളെയും പിടിച്ചു സത്യം ചെയ്യുന്ന കാര്യം ഇത ത്രെ: മനുഷ്യൻ ഈ ലോകത്ത് പലജാതി പ്രയാസങ്ങൾ അനുഭവിക്കേണ്ടവനാകുന്നു. ആ രീതിയിലാണ് അവനെ സൃഷ്ടിച്ചിട്ടുള്ളത്. ജീവിതം തുടങ്ങുന്നതു മുതൽ അത് അവസാനിക്കുന്നതു വരെ അവൻ തന്റെ ജീവിതം നിലനിറുത്തുന്നതിനായി ക്ലേശ ങ്ങൾ തരണം ചെയ്യേണ്ടതുണ്ട്. ജനിച്ചു ഓടിച്ചാടി നടക്കാനായാൽ പിന്നെ വിനോദ ത്തിന്റെ കാലമല്ല അവന് ജീവിതം.

കബദ് എന്ന വാക്ക് അർഥമാക്കുന്നത് കടുത്ത ക്ലേശങ്ങൾ എന്നാണ്. ഗർഭധാ രണം, പ്രസവം, മുലയൂട്ടൽ തുടങ്ങി അന്ത്യശ്വാസം വരെയുള്ള ജീവിതം മുഴുക്കെ പ്രയാസങ്ങൾ സഹിക്കാൻ വിധിക്കപ്പെട്ടവനാണ് മനുഷ്യൻ.

ജീവിതത്തിന്റെ ഉത്തരവാദിത്തം ചുമലിൽ വന്നതുമുതൽ ജീവസന്താരണത്തിനുള്ള ക്ലേശങ്ങളും ആത്മീയരംഗത്ത് പിടിച്ചുനിൽക്കാനുള്ള പ്രയാസവും തുടങ്ങി തന്റെ അവസ്ഥ നന്നാക്കാനുള്ള ശ്രമത്തിലാണ് മനുഷ്യൻ. ഈ ക്ലേശം അനുഭവിക്കാതെ ആർക്കും ജീവിക്കാൻ സാധിക്കില്ല. ഇതാകുന്നു അവൻ വെളിപ്പെടുത്തുന്ന സത്യം.

---

أَيَحْسَبُ أَن لَّن يَقْدِرَ عَلَيْهِ أَحَدٌ അയഹ്സബു അല്ലം യഖ്ദിറ അലൈഹി അഹദ്

തന്നെ പിടികൂടുവാൻ ആർക്കും സാധിക്കുകയില്ലെന്ന് അവൻ കരുതുന്നുവോ?

---

മേൽപറഞ്ഞ ദൗർബല്യവുമായി ജീവിക്കുന്ന മനുഷ്യൻ ഭൂമിയിൽ തന്നിഷ്ടം ജീവി ക്കുമ്പോൾ തന്നെ പിടികൂടുവാൻ ദൈവത്തിന് കഴിയുകയില്ലെന്ന് ധരിച്ചുവോ?

എങ്ങനെ ജീവിക്കണമെന്ന് അവൻ നിശ്ചയിക്കുകയും പദ്ധതികൾ തയാറാക്കു കയും ചെയ്യുമ്പോൾ അതിനെതിരെ തന്ത്രം ആവിഷ്കരിക്കാൻ ദൈവത്തിന് സാധി ക്കുകയില്ലെന്ന് അവൻ കരുതിയോ?

സ്വേഛയാ ജീവിക്കുമ്പോൾ താൻ ദൈവത്തിന്റെ ശ്രദ്ധയിൽനിന്ന് അപ്പുറത്താ ണെന്ന് അവൻ കരുതിയോ? അവനാകട്ടെ, അനുനിമിഷം ദൈവത്തിന്റെ തീരുമാനാ ധികാരം ഈ ലോകത്ത് നടക്കുന്നതായി കാണുന്നുമുണ്ട്.

അവൻ ചെയ്യുന്ന കൃത്യങ്ങളുടെ പേരിൽ അവനെ പിടികൂടുവാനും പ്രതികാരം ചെയ്യുവാനും ദൈവം ശക്തനാകുന്നു.

---

يَقُولُ أَهْلَكْتُ مَالًا لُّبَدًا യഖൂലു അഹ്ലക്തു മാലല്ലുബദാ

അവൻ പറയുന്നു: കണക്കറ്റ ധനം ഞാൻ നശിപ്പിച്ചിരിക്കുന്നു.

---

അവൻ തന്റെ ധനം വ്യയം ചെയ്തത് നല്ല കാര്യത്തിനല്ല. സധാരണക്കാരുടെ മേൽ ഗർവ്വ് നടിക്കുവാനും ഇതെല്ലം തനിക്ക് നിസ്സാരമാണെന്ന് ജനത്തെ ബോധ്യപ്പെടു ത്തുവാനുമാണ് അവൻ ധനം ധൂർത്തടിച്ചുകളഞ്ഞത്. ഒരിക്കലും ഒരു നല്ല കാര്യ ത്തിന് അവന്റെ ധനം ഉപകരിച്ചിട്ടില്ല. അധാർമികമായ കൃത്യങ്ങൾ ചെയ്യുവാനും അത് പ്രചരിപ്പിക്കുവാനുമാണ് അവൻ തന്റെ ധനം മുഴുക്കെ ചെലവഴിച്ചത്. വല്ലപ്പോഴും വല്ല നിസ്സര പൊതുകാര്യവും ചെയ്തിരുന്നെങ്കിൽ അതിന്റെ പേരിൽ അവൻ പ്രശസ്തി ആഗ്രഹിച്ചിരുന്നു. മറ്റുള്ളവൻ തന്നെ പ്രശംസിക്കുന്നത് കേട്ട് അവൻ പുളകം കൊണ്ടി രുന്നു.

أَيَحْسَبُ أَن لَّمْ يَرَهُ أَحَدٌ  അയഹ്സബു അല്ലം യറഹു അഹദ്

തന്നെ ആരും കണ്ടിട്ടില്ലെന്നാണോ അവന്റെ വിചാരം?

ധനം ധൂർത്തടിച്ച് ജീവിക്കുമ്പോൾ അവൻ ഓർത്തിരുന്നില്ല, തന്റെ ഈ കൃത്യങ്ങൾ ദൈവം കാണുന്നുണ്ടെന്ന്. താൻ ചെലവഴിക്കുന്ന ധനം ഏത് വഴിക്കാണ് തനിക്ക് ലഭിച്ചതെന്ന് അവൻ ചിന്തിച്ചിരുന്നില്ല. തന്റെ ധൂർത്തിന്റെ പേരിൽ ദൈവം ഒരിക്കൽ തന്നെ പിടികൂടി വിചാരണ ചെയ്യുമെന്ന് അവൻ ചിന്തിച്ചിരുന്നില്ല. പരമാവധി ധനം സമ്പാദിക്കാനായി ഏത് അക്രമവും ചെയ്യുമ്പോൾ അതിന് ദാരുണമായ അവസാനം ഉണ്ടാകുമെന്ന് അവൻ പ്രതീക്ഷിച്ചിരുന്നില്ല.

أَلَمْ نَجْعَل لَّهُ عَيْنَيْنِ  അലം നജ്അല്ലഹു ഐനൈൻ

നാം അവന് രണ്ട് നേത്രങ്ങൾ നൽകിയില്ലയോ?

وَلِسَانًا وَشَفَتَيْنِ  വലിസാനൻ വ ശഫതൈൻ

ഒരു നാവും രണ്ട് അധരങ്ങളും നൽകിയില്ലയോ?

രണ്ട് കണ്ണുകളും നാവും അധരങ്ങളും നൽകിയത് കേവലം ശാരീരികമായ ആവശ്യങ്ങളുടെ നിർവഹണത്തിന് മാത്രമല്ല. പ്രപഞ്ചം മുഴുവൻ നിറഞ്ഞു കിടക്കുന്ന ദൃഷ്ടാന്തങ്ങളെ നോക്കിക്കാണാനും മിഥ്യയേയും യാഥാർഥ്യത്തെയും തിരിച്ചറിയാനും സത്യാസത്യങ്ങളെ വേർതിരിച്ചു മനസ്സിലാക്കുവാനുമാണ് അവന് കണ്ണുകൾ നൽകിയത്.

കണ്ടുമനസ്സിലാക്കിയ സംഗതികളെ വെളിപ്പെടുത്താനും അതിലൂടെ ആശയവിനിമയം ചെയ്യാനുമാണ് അവന് നാവും ചുണ്ടുകളും നൽകിയിട്ടുള്ളത്. അതിനാൽ തന്നെ താൻ എന്തെല്ലാമാണ് ചെയ്തുകൊണ്ടിരിക്കുന്നതെന്ന് അവൻ ചിന്തിക്കുകയും കൺമുമ്പിലുള്ള ദൃഷ്ടാന്തങ്ങളിൽനിന്ന് പാഠമുൾക്കൊണ്ട് ശരിയായ പാതയിലേക്ക് ജീവിതത്തെ തിരിച്ചുവിടാനും അവന് സാധിക്കണം.

وَهَدَيْنَاهُ النَّجْدَيْنِ  വഹദൈനാഹുന്നജ്ദൈൻ

നാം അവന് രണ്ടു മാർഗങ്ങൾ കാണിച്ചുകൊടുക്കുകയും ചെയ്തില്ലേ?

ദൈവം മനുഷ്യന്റെ മുമ്പിൽ നന്മയുടെയും തിന്മയുടെയും രണ്ട് വഴികൾ അരുളിയിട്ടുണ്ട്. അഥവാ നേർമാർഗത്തിന്റേതും ദുർമാർഗത്തിന്റേതുമായ വ്യക്തമായ വഴികൾ. ഖുർആൻ പല ഭാഗങ്ങളിലും ഇക്കാര്യം അരുളുകയുണ്ടായി.

മുകളിൽ സൂചിപ്പിച്ചതു പോലെ ചുണ്ടുകളും നാവും കണ്ണുകളും നൽകിയ ശേഷം മനുഷ്യനെ യഥേഷ്ടം ജീവിക്കുവാൻ വിടുകയല്ല ദൈവം ചെയ്തത്. രണ്ട് വഴികൾ അവന്റെ മുമ്പിൽ സമർപ്പിച്ചിടുണ്ട്. അതിൽ ഒന്നിലാണ് അവൻ മനുഷ്യവർഗത്തിന്റെ വിജയവും സൗഭാഗ്യവും നിക്ഷേപിച്ചിട്ടുള്ളത്. അത് ഏതെന്ന് മനസ്സിലാക്കുവാനും കണ്ടുപിടിക്കുവാനും ഉപയുക്തമാം വിധം പലതരം ദൃഷ്ടാന്തങ്ങളും അവന്റെ മുമ്പിൽ നിരത്തിവെച്ചിരിക്കുന്നു. അതെല്ലാം കണ്ടും കേട്ടും ചിന്തിച്ചും സന്മാർഗം ഏതെന്ന് കണ്ടുപിടിക്കുകയും അതനുസരിച്ച് ജീവിക്കുകയുമാണ് മനുഷ്യന്റെ ചുമതല.

فَلَا اقْتَحَمَ الْعَقَبَةَ  ഫലഖ്തഹമൽ അഖബ

എന്നാൽ ദുർഘടമായ പാത താണ്ടുവാൻ അവൻ തയാറായില്ല.

മനുഷ്യന് മുമ്പിൽ അല്ലാഹു സമർപ്പിച്ച രണ്ട് വഴികളിൽ ഒന്ന് അവന്റെ പരാജയം നിറഞ്ഞ കൃതഘ്നതയുടെ വഴിയാകുന്നു. രണ്ടാമത്തെ വഴി സൗഭാഗ്യത്തിന്റെ വഴിയാകുന്നു. ആദ്യത്തെ വഴിയിലൂടെ സഞ്ചരിക്കുന്നതിന് ഒട്ടും ക്ലേശിക്കേണ്ടതില്ലാത്ത വിധം സുഖമായി യാത്ര ചെയ്യാവുന്ന വഴിയാകുന്നു.

ക്ലേശകരമായ ഉദ്യമത്തിൽ ഏർപ്പെടുന്നതിനാണ് ഇഖ്തിഹാം എന്നു പറയുന്നത്. തനിക്ക് എത്തിപ്പെടേണ്ട ലക്ഷ്യം കരഗതമാക്കുന്നതിനുള്ള പ്രയാസം നിറഞ്ഞ അധ്വാനമാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്.

പർവതങ്ങൾക്കിടയിലൂടെയുള്ള ചെങ്കുത്തായ വഴി താണ്ടിക്കടക്കുന്നതിനാണ് അഖബ എന്ന് പറയുന്നത്. ഉദ്ദേശ്യം ഇതാണ്.

ദൈവം മനുഷ്യന് മുമ്പിൽ രണ്ട് വഴികൾ വെച്ചു എന്ന് സൂചിപ്പിക്കുകയുണ്ടായി. അതിൽ ആദ്യത്തേത് കുത്തനെ മുകളിലേക്ക് കയറിപ്പോകുന്നതാണ്. അവിടെയാണ് മനുഷ്യന് വിജയവും സൗഭഗ്യവും അല്ലാഹു സംവിധാനിച്ചത്. അതിലൂടെ സഞ്ചരിക്കാൻ ഏറെ ക്ലേശം ആവശ്യമാണ്. പ്രയാംസ നിറഞ്ഞ ആ വഴി താണ്ടിക്കടക്കുവാൻ മനുഷ്യൻ എത്രമാത്രം തയാറുണ്ടോ അതിനനുസൃതമായാണ് അവന് വിജയസൗഭാഗ്യം ലഭിക്കുക.

രണ്ടാമത്തെ മാർഗം സഞ്ചരിക്കാൻ സുഖമുള്ള വഴിയാകുന്നു. അതിലെ അലസമായി നടന്നാലും മുന്നോട്ട് പോകാം. പക്ഷേ, അതിന്റെ അവസാനം ഏറെ വേദനാജങ്കനകമായ പരിണതി നിറഞ്ഞതായിരിക്കും.

ഈ രണ്ട് വഴികളിൽ ആദ്യം സൂചിപ്പിച്ചത് ദൈവിക മാർഗമാകുന്നു. രണ്ടാമത്തേത് പൈശാചിക ജീവിതക്രമവും. ഇതിൽ ഏത് തിരഞ്ഞെടുക്കുവാനും മനുഷ്യന് സ്വാതന്ത്ര്യമുണ്ട്. പക്ഷേ, പരിണതികൾ വ്യത്യസ്തമായിരിക്കും.

---

وَمَا أَدْرَاكَ مَا الْعَقَبَةُ   വമാ അദ്റാക മൽ അഖബ

ദുർഘട വഴി ഏതെന്ന് നിനക്കെന്തറിയാം?

---

മഹത്തായ ആ വഴിയുടെ അവസ്ഥയും മേന്മയും മനുഷ്യനെ ബോധ്യപ്പെടുത്താനാണ് ഇങ്ങനെ ഒരു ചോദ്യം മുമ്പിലേക്കിട്ടത്. അതിലൂടെ അവനെ ഉന്നതമായ ഒരു സംസ്കാരം പഠിപ്പിക്കുകയാണ് ചെയ്യുന്നത്. അതായത്, ഒരാൾ എന്തെല്ലാം തെറ്റായ കാര്യങ്ങളാണ് തന്റെ ജീവിതത്തിൽ ചെയ്തുകൊണ്ടിരിക്കുന്നത്, അതിനു വേണ്ടി ചെലവഴിക്കുന്ന അദ്ധ്വാനം തന്നെയാണ് ഉന്നതമായ സംസ്കാരത്തോടു കൂടി ജീവിക്കുവാനും വേണ്ടതുള്ളൂ. അച്ചടക്കപൂർണമായ ആ ജീവിതമാണ് അവനെ വിജയത്തിലേക്ക് എത്തിക്കുന്നത്. അതിന് അൽപസ്വൽപം ക്ഷമിക്കുകയും ക്ലേശവും അനുഭവിക്കുക വേണം. അതാണ് ദുർഘടപാത കൊണ്ട് ഉദ്ദേശിക്കുന്നത്.

---

فَكُّ رَقَبَةٍ   ഫക്കു റഖബ

അടിമ മോചനാണത്

---

അടിമ മോചനം ഏറെ പുണ്യമുള്ള കാര്യമായാണ് ഖുർആനും പ്രവാചകനും പഠിപ്പിച്ചിട്ടുള്ളത്. ഒരു വിശ്വാസി ചെയ്യുന്ന തെറ്റുകളിൽ പലതിനും അടിമ മോചനം പ്രതിവിധിയായി നിശ്ചയിച്ചത് കാണാം. അടിമ സമ്പ്രദായം നിരുത്സാഹപ്പെടുത്തുന്നതിന്റെ ഭാഗമായാണ് ഇത്തരം നടപടി സ്വീകരിച്ചത്.

---

أَوْ إِطْعَامٌ فِي يَوْمٍ ذِي مَسْغَبَةٍ   ഔ ഇത്ആമുൻ ഫീ ദീ മസ്ഗബ

അല്ലെങ്കിൽ പട്ടിണി നാളിൽ ഭക്ഷണം നൽകലാകുന്നു.

ആർക്കൊക്കെ നൽകിയാലാണ് മേൽ വിവരിച്ച രീതിയിൽ പുണ്യകർമമാകുകയെന്നും അല്ലാഹു വ്യക്തമാക്കുന്നു. പ്രധാനമായും താഴെ പറയുന്ന വിഭാഗമാണത്.

---

يَتِيمًا ذَا مَقْرَبَةٍ   യതീമൻ ദാ മഖ്റബ

ബന്ധുവായ അനാഥന്

---

അതിൽ ഒന്നാമത്തേത് ബന്ധുവായ അനാഥയാകുന്നു. ഏറെ പുണ്യമുള്ള കർമ്മമാകുന്നു അനാഥസംരക്ഷണം. ഒരിക്കൽ പ്രവാചകൻ പറയുകയുണ്ടായി: ഞാനും, ബന്ധുവോ അന്യനോ ആയ അനാഥയെ പോറ്റിവളർത്തുന്നവനും ഇങ്ങനെയായിരിക്കും." എന്നിട്ട് തന്റെ ചൂണ്ടുവിരലും നടുവിരലും ഉയർത്തിക്കാണിച്ചു.

അനാഥരോട് നല്ല രീതിയിൽ പെരുമാറുവാൻ അവിടന്ന് തന്റെ അനുയായികളെ ഉപദേശിക്കാറുണ്ടായിരുന്നു.

---

أَوْ مِسْكِينًا ذَا مَتْرَبَةٍ ഔ മിസ്കീനൻ ദാ മത്റബ

അല്ലെങ്കിൽ വശം കെട്ട അഗതിക്കോ

---

രണ്ടാമത്തെ വിഭാഗം അഗതിയാകുന്നു. പുണ്യം കരസ്ഥമാക്കുവാൻ അടിമ മോചനത്തോടൊപ്പം ബന്ധുവോ അന്യനോ ആയ അനാഥക്ക് അന്നം നൽകുക. അല്ലെങ്കിൽ പട്ടിണിപ്പാവമായ അഗതിക്ക് അന്നം നൽകുക.

അനാഥസംരക്ഷണം പോലെ ഏറെ പുണ്യമുള്ള കർമ്മമാകുന്നു അഗതിയെ സംരക്ഷിക്കൽ. അഗതിയെ സഹായിക്കുവാനും സംരക്ഷിക്കുവാനും അദ്ധ്വാനിക്കുന്നവൻ ദൈവികമാർഗത്തിലുള്ള വിശുദ്ധ യുദ്ധത്തിൽ ഏർപ്പെട്ടവനെപ്പോലെയാണെന്ന് പ്രവാചകൻ പഠിപ്പിക്കുകയുണ്ടായി. ഇന്ന് സമൂഹത്തിൽ ഏറെ ശ്രദ്ധിക്കേണ്ട സംഗതി കൂടിയാണിത്.

**വചനവിശകലനം:**

---

ثُمَّ كَانَ مِنَ الَّذِينَ آمَنُوا وَتَوَاصَوْا بِالصَّبْرِ وَتَوَاصَوْا بِالْمَرْحَمَةِ ഥുമ്മ കാന മിനല്ലദീന ആമനൂ വതവാസൗ ബിസ്സബ്‌രി വതവാസൗ ബിൽമർഹമ

പിന്നെ വിശ്വാസം കൈക്കൊണ്ടവരും ക്ഷമയും കാരുണ്യവും പരസ്പരം ഉപദേശിക്കുന്നവരുമായ ജനത്തിൽ ആയിത്തീരുകയും ചെയ്യുക.

---

ആയിത്തീരുകയും ചെയ്യുക എന്നത് പ്രത്യേകം പരമർശമർഹിക്കുന്ന പ്രയോഗമാണ്. എങ്ങനെയെങ്കിലും ആയാൽ പോരാ, മനപ്പൂർവം ആയിത്തീരുക തന്നെ വേണം. വിശ്വാസമനുസരിച്ച് കർമ്മം ചെയ്തു ജീവിക്കുന്ന വിഭാഗത്തിൽ ഉൾച്ചേർന്നു ജീവിക്കുക എന്നാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

മുകളിൽ പറഞ്ഞ സദ്കർമങ്ങൾ ചെയ്യുന്നത് അവൻ ഏകദൈവവിശ്വാസി ആയ അവസ്ഥയിലായിരിക്കണം. എങ്കിൽ മാത്രമാണ് ആ കർമ്മങ്ങൾ അവന് ഉപകരിക്കുകയുള്ളു. കാരണം, കർമ്മം സ്വീകരിക്കപ്പെടാനുള്ള ഉപാധി ഏകദൈവത്തിൽ വിശ്വസിക്കുക എന്നതാണ്. ആ വിശ്വാസമില്ലാതെ ഒരാൾ എത്ര വലിയ പുണ്യകർമം ചെയ്തിട്ടും കാര്യമില്ല. അത് ദൈവം സ്വീകരിക്കുകയില്ല.

പുണ്യകർമങ്ങളെ പറ്റി പറഞ്ഞ സ്ഥലങ്ങളിലൊക്കെ ഏകദൈവത്തിലുള്ള വിശ്വാസത്തെയും ഖുർആൻ എടുത്തുപറഞ്ഞിട്ടുണ്ട്. അത് കർമം സ്വീകാര്യമാകാനുള്ള ഉപാധിയാകുന്നു. ഇക്കാര്യം ഖുർആൻ തന്നെ പല സ്ഥലങ്ങളിലും സൂചിപ്പിച്ചിട്ടുണ്ട്.

ക്ഷമ കൊണ്ടും കാരുണ്യം കൊണ്ടുമുള്ള ഉപദേശമാണ് മറ്റൊരു കാര്യം. പരസ്പരം ഉപദേശിക്കാത്ത ജനത നാശകരികളാണ്.

ഒരു സമൂഹത്തിന്റെ അടിസ്ഥാനം നന്നാകുന്നത് ഉത്തമമായ സ്വഭാവം അനുസരിച്ചു ജീവിക്കുകയും അത്തരം സ്വഭാവത്തോടെ ജീവിക്കാൻ ജനത്തെ ഉപദേശിക്കുകയും ചെയ്യുമ്പോഴാണ്.

ഏകദൈവ വിശ്വാസിയെ സംബന്ധിച്ചിടത്തോളം അവന്റെ ജീവിതം മുഴുവൻ ക്ഷമയാൽ നിർഭരമായിരിക്കും. ഏകദൈവത്തിനുള്ള കർമജീവിതത്തിലേക്ക് വരുന്നതോടു കൂടി അവന്റെ നേരെ പലതരം പരീക്ഷണങ്ങളും വരുന്നു. പിശാചിന്റെയും എതിരാളികളുടെയും തെറ്റിലേക്ക് നയിക്കുന്ന കൂട്ടുകാരുടെയും കുടുംബാംഗങ്ങളുടെയും ഒക്കെ റോളിൽ സന്മാർഗത്തിൽ നിന്ന് പിന്മാറാനുള്ള പ്രലോഭനങ്ങളും പ്രകോപനങ്ങളും നേരിട്ടേക്കും. നന്മയിൽ ഉറച്ചു നിന്നാൽ തന്നെ പലതരം പൈശാചിക ചിന്തകളും പിന്തിരിപ്പിച്ചെന്നു വരാം. വിശ്വാസിയുടെ ജീവിതത്തിൽ അത്തരം ദുർബോധനങ്ങൾ ഉണ്ടാകാനിടയുള്ളതിനാലാണ് ഖുർആൻ 113,114 അദ്ധ്യായങ്ങൾ പാരായണം ചെയ്തുകൊണ്ടിരിക്കാൻ വിശ്വാസി നിർദ്ദേശിക്കപ്പെട്ടത്. കാരണം, മേൽ വിവരിച്ചതുപോലുള്ള ഘട്ടങ്ങളിൽ പതറുകയും പരാജയപ്പെടുകയും ചെയ്യാൻ സധ്യത ഏറെയാണ്.

നീതിയും സാഹോദര്യവുമുള്ള സമൂഹം ഉണ്ടാകണമെങ്കിൽ സ്നേഹവും കാരുണ്യവും അതിന്റെ അടിസ്ഥാന ഗുണമായിരിക്കണം. പരസ്പരം ക്ഷമിക്കുന്നതോടൊപ്പം കാരുണ്യവികാരത്തോടെ ഇടപഴകി ജീവിക്കാനും അവർക്ക് സാധിക്കണം. അത്തരം സമൂഹം ഏറെ ഭദ്രമായിരിക്കും.

ദൈവം മനുഷ്യരാശിയോട് ഏറെ കരുണയുള്ളവനാകുന്നു. മനുഷ്യർ പരസ്പരം കാരുണ്യത്തോടെ ജീവിക്കുമ്പോഴാണ് ദൈവം അവരോട് കനിയുകയുള്ളൂ. പ്രവാചകൻ പറഞ്ഞു: നിങ്ങൾ ഭൂമിയിലുള്ളവരോട് കരുണ കാണിക്കുക. ആകാശത്തുള്ളവൻ നിങ്ങളോടും കരുണ കാണിക്കും.

ചുരുക്കത്തിൽ ഏകദൈവത്തെ മാത്രം തന്റെ നാഥനായി അംഗീകരിക്കുകയും ഉത്തമമായ കാര്യങ്ങൾ ചെയ്യുകയും ദൈവത്തോടുള്ള ബന്ധം നന്നാക്കുന്നതുപോലെ മനുഷ്യർ തമ്മിലുള്ള ബന്ധവും ക്ഷമ കൊണ്ടും കാരുണ്യം കൊണ്ടും ഉദാത്തമാക്കുകയും ചെയ്യുക എന്നതാണ് ജീവിതം ദൈവത്തിങ്കൽ സ്വീകാര്യമാകാനുള്ള വഴി.

---

أُوْلَئِكَ أَصْحَابُ الْمَيْمَنَةِ ഉലാഇക അസ്ഹാബുൽ മയ്മന

അവരത്രെ വലതുപക്ഷക്കാർ

وَالَّذِينَ كَفَرُوا بِآيَاتِنَا هُمْ أَصْحَابُ الْمَشْأَمَةِ വല്ലതീന കഫറൂ ബിആയാത്തിനാ ഹും അസ്ഹാബുൽ മശ്അമ

നമ്മുടെ സൂക്തങ്ങളെ നിഷേധിച്ചവരോ, അവരത്രെ ഇടതുപക്ഷക്കാർ.

---

മുകളിൽ സൂചിപ്പിച്ച വിധം നന്മ ചെയ്തു ജീവിച്ച ആളുകൾ വലതു പക്ഷക്കാരും തന്റെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ചവർ ഇടതുപക്ഷവും എന്നു പറഞ്ഞത് ഐഹികജീവിത കർമങ്ങളുടെ പാരത്രിക ഫലവുമായി ബന്ധപ്പെട്ട വിഷയമാകുന്നു.

ഏകദൈവത്തിൽ വിശ്വാസം അർപ്പിക്കുകയും അവന്റെ കൽപനകൾ മാനിച്ചു ജീവിക്കുകയും ചെയ്ത ഒരാൾ പരലോകത്ത് വിചാരണക്കായി നിർത്തപ്പെടുമ്പോൾ അവന് ആദ്യം തന്റെ ജീവിതകർമങ്ങളുടെ റിക്കാർഡ് സമർപ്പിക്കുന്നു. അവൻ നന്മ ചെയ്തു ജീവിച്ചതിനാൽ തന്റെ കർമപുസ്തകം വലതു കൈയിലാണ് നൽകപ്പെടുക. അവൻ തന്റെ സൗഭാഗ്യം ഓർത്ത് സന്തോഷിക്കും. കാരണം വലത് കൈയിൽ പുസ്തകം കിട്ടിയതോടുകൂടി അവന് ഉറപ്പായി താൻ വിജയിച്ചിരിക്കുന്നു എന്ന്.

അതേയവസരം ഏകദൈവത്തിൽ വിശ്വസിക്കാതെ തിന്മ ചെയ്തു ജീവിച്ച ഒരാളെ വിചാരണക്കായി നിർത്തുകയും അവന്റെ ജീവിത റിക്കാർഡുകൾ സമർപ്പിക്കുകയും ചെയ്യും. അവൻ കുറ്റവാളിയായതിനാൽ തന്റെ ജീവിത റിക്കാർഡ് ഇടത് കൈയിലാണ് അവൻ ഏറ്റുവാങ്ങുക. അവൻ തന്റെ വിധിയോർത്ത് ഖേദിക്കുകയും അത്തരം ഒരു ദിനം ഉണ്ടായിരുന്നില്ലെങ്കിൽ എന്ന് വിലപിക്കുകയും ചെയ്യും. കാരണം ഇടതുകൈയിൽ പുസ്തകം കിട്ടിയതോടുകൂടി അവന് മനസ്സിലായി താൻ പരാജയപ്പെട്ടിരിക്കുന്നു എന്ന്. ഈ രണ്ട് പരിണതികളെയും സൂചിപ്പിച്ചുകൊണ്ടാണ് ഖുർആൻ വലത് പക്ഷം, ഇടത് പക്ഷം എന്നു പറഞ്ഞിട്ടുള്ളത്.

---

عَلَيْهِمْ نَارٌ مُّؤْصَدَةٌ അലൈഹിം നാറുൻ മുഅ്സ്വദ

അവർക്കു മീതെ അടച്ചുമൂടപ്പെട്ട നരകമുണ്ട്.

---

അവർക്ക് ഒരിക്കലും രക്ഷപ്പെടാൻ കഴിയാത്ത വിധം നരകം എല്ലാ ഭാഗത്തുനിന്നും അടച്ചു മൂടപ്പെട്ടിട്ടുണ്ടാകും. അത് മൂടപ്പെട്ടാൽ അതിൽനിന്ന് ഒന്നും പുറത്തേക്കും പുറത്തുനിന്ന് ഒന്നും അകത്തേക്കും പ്രവേശിക്കുകയില്ല.